➪ *1995 മുതലുള്ള കാലത്ത് വൻകിട പദ്ധതികൾ വർദ്ധിക്കാൻ തുടങ്ങി* ➪

നെൽവയൽ സംരക്ഷണത്തിനായി നിലകൊള്ളുന്ന ശാസ്ത്ര സാഹിത്യ പരിഷദ് പ്രവർത്തകൻ

**അനീഷ് കുമാർ. കെ.കെ.**

# കർഷകൻ കൃഷിഭൂമി ഉപേക്ഷിക്കേണ്ട സാഹചര്യം വരരുത്

**ആഗോളതാപനവുമായി** ബന്ധപ്പെട്ട പ്രശ്നങ്ങൾ വളരെ രൂക്ഷമായി അനുഭവപ്പെടുന്ന തരത്തിലുള്ള ഭൂപ്രകൃതിയാണ് കേരളത്തിന്റേത്. മൂന്ന് ആൾപ്പൊക്കത്തിൽ വെള്ളം തളംകെട്ടി നിർത്താവുന്ന മഴ പെയ്യുമ്പോഴും വരൾച്ച അനുഭവപ്പെടുന്നു. വളരെ താത്കാലികമായ പരിഹാരങ്ങളാണ് നാം നടത്തുന്നത്. മഴക്കുഴിയാണ് പലരും പരിഹാരമായി നിർദ്ദേശിക്കുന്നത്. എന്നാൽ ദശലക്ഷകണക്കിന് കോടി ലിറ്റർ വെള്ളം സംഭരിക്കാവുന്ന തണ്ണീർത്തടങ്ങൾ വ്യാപകമായി നശിക്കുകയാണ്. ഈപ്രതിസന്ധികൾ മുൻനിർത്തിയാണ് നെൽവയൽ-തണ്ണീർത്തട നിയമം 2008 ൽ വരുന്നത്. 2008 നും 2018 നും ഇടയിൽ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രതിസന്ധികളുണ്ടായിട്ടുണ്ട്. തൃശൂരിനും കാസർഗോഡിനും ഇടയിൽ ട്രെയിനുകളിലൂടെ യാത്ര ചെയ്യുമ്പോൾ തന്നെ നെൽവയലുകളുടെ വിസ്തൃതി സംബന്ധിച്ച ഒരു ഏകദേശ ചിത്രം നമുക്കു കിട്ടുന്നുണ്ട്. നിർമ്മാണമേഖല കുതിച്ചുയരുകയാണ്. ഇതിനെയെല്ലാം നിയന്ത്രിക്കുന്ന നിയമങ്ങൾ ഉണ്ട് എന്നു പോലും ആർക്കുമറിയില്ല. വടക്കൻ ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പാടങ്ങളെയാണ് ഇപ്പോൾ കേന്ദ്രീകരിക്കുകയാണ്. കേരളത്തിന്റെ പരിസ്ഥിതിയിൽ ഏറ്റവും ലോലമായ ഭൂപ്രദേശമാണ് നെൽവയലുകൾ. നെൽവയൽ സംരക്ഷണ നിയമത്തിന്റെ പരിരക്ഷയിലേക്ക് നമ്മുടെ പാടങ്ങളെ കൂടി ഉൾച്ചേർക്കണമെന്ന് ജനങ്ങൾ തീരുമാനിച്ചതുകൊണ്ടാണ് കുറച്ചെങ്കിലും പാടങ്ങൾ സംരക്ഷിക്കപ്പെട്ടത്. നിയമവിരുദ്ധ പ്രവർത്തികൾ നടക്കുന്ന സ്ഥലങ്ങളിൽ പോലും ആ നിയമം പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള ശ്രമങ്ങൾ ചെറുസംഘങ്ങളുടെ ഭാഗത്തുനിന്നുണ്ടായി. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ എല്ലാകാലത്തും വികസനത്തിന് അനുകൂലമായിരുന്നു. അതുകൊണ്ടുന്നെ നിയമത്തിനു ശേഷമുള്ള പത്ത് വർഷം വളരെ നിർണ്ണായകമായിരുന്നു. പ്രകൃതിസംരക്ഷണ ബോധത്തിലേക്ക് ജനങ്ങൾ ഉണർന്നുകൊണ്ടിരുന്ന ഒരുകാലത്താണ് നിയമത്തെ ദുർബലപ്പെടുത്തുന്ന തരത്തിലുള്ള ഒരു ഭേദഗതി സംഭവിച്ചത് എന്നത് വളരെയധികം ആശങ്കകളുണർത്തുന്നു.

നെൽവയൽ സംരക്ഷണ നിയമത്തെ സംബന്ധിച്ച് അത് നടപ്പിലാക്കേണ്ടുന്ന പ്രാദേശിക ജനസമൂഹം എത്രമാത്രം ജാഗ്രത്താണ് എന്നതാണ് വിഷയം. അത്തരമൊരു ജാഗ്രതയിലേക്കെത്തുന്നതിന് ആവശ്യമുള്ള കാലയളവ് വളരെ നിർണ്ണായകമാണ്. പരിസ്ഥിതി തകർച്ചകളുമായി ബന്ധപ്പെട്ട ആശങ്കകൾ തന്നെയാണ് പൊതുസമൂഹത്തെ ജാഗ്രത്താക്കേണ്ടത്. ഭൂമി സംബന്ധിച്ച ആവശ്യങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തേണ്ടതുണ്ട്. ഭൂമി ഏറെ ആവശ്യമായി വരുന്ന പദ്ധതികളുടെയും സ്വകാര്യനിക്ഷേപങ്ങളുടെയും സമ്മർദ്ദം വളരെ വലുതാണെന്നും അത്തരം പദ്ധതികൾക്ക് മാത്രമാണ് നിയമം തടസ്സമായിരുന്നതെന്നും ഒരു വാദമുണ്ട്. പക്ഷെ നമ്മുടെ കേരളത്തിനകത്ത് നിർമ്മാണ-റിയൽ എസ്റ്റേറ്റ് മേഖലയുടെ വളർച്ച 38 ശതമാനം വരെ എത്തിയിരുന്ന കാലമാണ് 1995ന് ശേഷമുള്ള കാലം. 1995 മുതലുള്ള കാലത്ത് വൻകിട പദ്ധതികൾ വർദ്ധിക്കാൻ തുടങ്ങി. പത്രമാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്ന പദ്ധതികൾ മാത്രമല്ല ചെറിയ പദ്ധതികൾ പോലും എതിർക്കപ്പെടേണ്ടതുണ്ട്. ഉദാഹരണത്തിന് പുതുക്കാട് പഞ്ചായത്തിലെ ചെങ്ങാലൂരിൽ ഉള്ള 50 ഏക്കർ പാടത്തിനു ചുറ്റും ഉണ്ടായ നികത്തലുകൾ. നിലമായിരുന്ന പ്രദേശം കരയാക്കി മാറ്റാനായിട്ട് 15 വർഷവും 25 വർഷവും പഴക്കമുള്ള തെങ്ങുകൾ ചൂണ്ടിക്കാട്ടി ഭൂമിക്ക് പഴക്കമുണ്ടെന്നു കാണിക്കും. പരിസരങ്ങളിൽ നിന്നും 50 ഏക്കറിലേക്കുള്ള നീരൊഴുക്ക് തടസ്സപ്പെടും. നികത്തപ്പെട്ട ഭൂമിയുടെ അകത്തായതിനാൽ കൃഷിയിടത്തിനായി ട്രാക്ടർ പോലുള്ള യന്ത്രങ്ങൾ ഇറക്കാൻ കഴിയാതെ കർഷകർ പ്രതിസന്ധിയിലാവും. നെൽകൃഷി തന്നെ അസാധ്യമാക്കുന്ന കുത്സിതപ്രവർത്തനമാണിത്. ഇത്തരം ബോധപൂർവ്വമുള്ള ശ്രമങ്ങളൊന്നും മാധ്യമങ്ങളുടെയും പൊതുജനങ്ങളുടെയും ശ്രദ്ധയിലെത്തുന്നില്ല.

ആറന്മുള പോലുള്ള ഉദാഹരണങ്ങൾ നിയമത്തിന്റെ വിജയമായി കാണാം. എന്നാൽ 2008 മുതൽ 2018 വരെ തൃശൂർ ജില്ലയിൽ മാത്രം എത്ര വയലുകൾ നികത്തിയിട്ടുണ്ട് എന്നതു സംബന്ധിച്ച കണക്കുകൾ ആരുടെ കൈയ്യിലുമില്ല. സ്വകാര്യ ഏജൻസികൾ പോലും അതിന് തയ്യാറാവുന്നില്ല. നാട്ടുപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന പാടശേഖരസമിതികളുടെ കൈവശമുള്ള കണക്കുകൾ പോലും ചേർത്തുവച്ച് ജില്ലയിൽ ആകെയുള്ള കൃഷിയിടത്തിന്റെ അളവ് പ്രസിദ്ധീകരിക്കാൻ പോലും ആരും തയ്യാറാവുന്നില്ല. കൃഷിഭവനിൽ ലഭ്യമാകുന്ന രജിസ്ട്രർ ചെയ്ത പാടശേഖര സമിതികളുടെ വിവരങ്ങൾ ക്രോഡീകരിക്കപ്പെട്ടിട്ടു പോലും ഇല്ല. സാറ്റലൈറ്റ് സംവിധാനങ്ങൾ

നെൽവയലുകൾ കണ്ടുപിടിക്കാനുള്ള ശ്രമം പോലും സർക്കാർ നടന്നിട്ടില്ല.

തൃശൂർ ജില്ലയിൽ നെൽവയൽ അനധികൃതമായി നികത്തിയ ഭൂമി പൂർവ്വസ്ഥിതിയിലാക്കാൻ കളക്ടർ ഇറക്കിയ ഉത്തരവിറക്കിയ അമ്പതിലധികം ഫയലുകളുണ്ട്. ജനങ്ങളെ കൂടുതൽ കൂടുതൽ ബോധവാന്മാരാക്കി നിയമത്തെ പ്രവർത്തികമാക്കാനാണ് പരിസ്ഥിതി പ്രവർത്തകരും മറ്റും ശ്രദ്ധിക്കേണ്ടതാണ്.

നിയമം നടപ്പിലാക്കുന്നതിൽ ഏറ്റവും താഴെത്തട്ടിലുള്ളത് പ്രാദേശികതല സമിതിയാണ്. സർക്കാർ ഉദ്യോഗസ്ഥരായ കൃഷി ഓഫീസർ ആയിരിക്കും കൺവീനർ, എക്സ് ഓഫീഷ്യൽ വില്ലേജ് ഓഫീസർ, പഞ്ചായത്ത് പ്രസിഡന്റായിരിക്കും ചെയർമാൻ. മൂന്ന് കർഷക പ്രതിനിധികളും അംഗങ്ങളായിരിക്കും. ഇങ്ങനെയൊരു സംഗതിയുണ്ട് എന്നുപോലും അറിയാത്ത പഞ്ചായത്തുകളുണ്ട്. അറിയാവുന്നവർ കൃത്യമായി ഉപയോഗിക്കുന്നു. ഈ സംവിധാനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ രാഷ്ട്രീയപാർട്ടികൾ ഓരോ പാർട്ടിയിൽ നിന്നുള്ള പ്രതിനിധികളെ സമിതിയിൽ കൂടിച്ചേർക്കാൻ ശ്രമിക്കുകയുണ്ടായി. മൂന്ന് കർഷകപ്രതിനിധികൾക്കു പകരം പ്രബലമായ മൂന്ന് രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധികൾ സമിതിയിൽ അംഗങ്ങളായി വന്നു. ഇതോടെ സമിതിയിൽ പ്രത്യേക താത്പര്യങ്ങൾ വളർന്നു വരാൻ തുടങ്ങി. ചിലയിടങ്ങളിൽ അവർ യഥാർത്ഥ കർഷകർ പോലുമല്ല. കർഷകരായിരിക്കണം സമിതി പ്രതിനിധികൾ എന്ന നിയമമാണ് ഇവിടെ ലംഘിക്കപ്പെടുന്നത്. കർഷകരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും ഭരണഘടനാപരമായി തന്നെ സമീപിക്കാനുള്ള അവസരമാണ് രാഷ്ട്രീയപാർട്ടി പ്രതിനിധികൾ നിരാകരിക്കുന്നത്.

സ്ത്രീധന നിരോധന നിയമമുണ്ടായിട്ടും സ്ത്രീധനം വ്യാപകമായി പ്രാബല്യത്തിലുണ്ട്. അതുപോലെ നെൽവയൽ തണ്ണീർത്തട നിയമമുണ്ട്. പക്ഷെ നെൽവയൽ നികത്തുന്നതിൽ യാതൊരു തടസ്സവുമില്ല എന്നതാണ് സ്ഥിതി. എന്നിട്ടും പൊതുജനങ്ങൾ ഈ നിയമത്തെ പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നു എന്നുവന്നപ്പോഴാണ് നിയമത്തിൽ ഭേദഗതി വരുത്താൻ പോകുന്നത്. ഒരുപക്ഷെ പത്ത് വർഷത്തിനിടയിൽ ജനങ്ങൾക്കിടയിലുണ്ടായ പരിസ്ഥിതികാവബോധത്തിന്റെ വളർച്ചയും നെൽവയൽ സംരക്ഷിക്കണമെന്ന ബോധവുമായിരിക്കാം ഉടൻ തന്നെ ഒരു ഭേദഗതിയിലേക്ക് സർക്കാരിനെ എത്തിച്ചത്. വൻതോതിൽ മൂലധനം കൈകാര്യം ചെയ്യുന്നവരാണ് നെൽവയൽ നികത്തുന്നത്. അടിസ്ഥാന നികുതി രജിസ്റ്ററിൽ (ബി.ടി.ആർ) നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽ വർഷങ്ങളായി കെട്ടിടങ്ങളുൾപ്പെടെയുള്ള ഒട്ടേറെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇവ ഒഴിവാക്കാൻ വേണ്ടിയാണ് ഭേദഗതികൾ വരുന്നത്. ബി.ടി.ആറിനകത്ത് നിലം എന്ന് രേഖപ്പെടുത്തിട്ടുള്ള ഭൂമി നിലം അല്ലെങ്കിൽ പോലും വളരെ കൃത്യമായി തണ്ണീർത്തട ഡാറ്റാ ബാങ്കിൽ നിലം എന്ന് രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ മുപ്പത് വർഷമായി കെട്ടിടങ്ങളുള്ള ഒരു പ്രദേശമാണ് ഇതെങ്കിൽ രേഖകളിൽ തിരുത്തൽ സാധ്യമാണ്. ആ തിരുത്തൽ പക്ഷെ നെൽവയൽ നീർത്തട നിയമത്തിന് മുമ്പ് നെൽവയലുകളെയും തണ്ണീർത്തടങ്ങളെയും സംരക്ഷിക്കാനായി നിലവിലുള്ള ഭൂവിനിയോഗ ഉത്തരവനുസരിച്ചാണ് നടത്തേണ്ടിയിരുന്നത്. പക്ഷെ, നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെടേണ്ട പ്രദേശങ്ങളെ മുൻനിർത്തി നിലവിൽ നെൽവയലുകളായുള്ള പ്രദേശങ്ങൾ കൂടി മാറ്റിയെടുക്കാനുള്ള തന്ത്രമാണ് ഭേദഗതിയിലുള്ളത്. ഇതാണ് നാം തുറന്നുകാണിക്കേണ്ടത്. അടിസ്ഥാന വിലയുടെ 25 ശതമാനം അടച്ചാൽ അടിസ്ഥാന നികുതി രജിസ്ട്രറിൽ തന്നെ ഭൂമിയുടെ നില മാറ്റികൊടുക്കും. പുതിയ നിയമ ഭേദഗതിയിലൂടെ 50 ശതമാനം അടച്ചാൽ ഏതു ഭൂമിയും ആവശ്യക്കാർക്കു വേണ്ടി മാറ്റം വരുത്തികൊടുക്കാം എന്നായി. ഇത് ചോദ്യം ചെയ്യപ്പെടണം.

2008 ലെ നിയമം വരുന്നതിന് മുമ്പ് 2004 മുതൽ വയൽ സംരക്ഷണ പ്രവർത്തനങ്ങൾ ശക്തമായി തന്നെ നടന്നിരുന്ന ഒരു പ്രദേശത്തുനിന്നുമാണ് ഞാൻ വരുന്നത്. നെന്മണിക്കര, പുതുക്കാട്, അളഗപ്പനഗർ, പറപ്പൂക്കര, കൊടകര എന്നീ ഗ്രാമപഞ്ചായത്തുകൾ ചേർന്നൊരു പ്രദേശമാണ് എന്റേത്. ഈ നിയമം വരുന്നതിന് മുമ്പ് നെൽവയൽ സംരക്ഷണം എന്റെ നാടിന്റെ ഒരു പ്രധാന അജണ്ടയായി മാറുന്നത് കളിമൺ വ്യവസായത്തിന് വേണ്ടി അവിടുത്തെ വയലുകൾ വ്യാപകമായി ഉപയോഗിക്കപ്പെട്ടതോടെയാണ്. നെന്മണിക്കര പഞ്ചായത്തിൽ 95 ശതമാനം വയലുകളും ഇത്തരത്തിൽ നഷ്ടപ്പെട്ടു. പറപ്പൂക്കരയിൽ 72 ശതമാനവും. വിശാലമായ ജലസംഭരണികളായിരുന്ന പാടശേഖരങ്ങൾ കളിമൺ ഖനനത്തിലൂടെ അഗാധഗർത്തങ്ങളായി മാറി. കരപ്രദേശത്തെ ആളുകൾക്ക് ഒരു തുള്ളി വെള്ളം കുടിക്കാനില്ലാത്ത അവസ്ഥ വന്നു. കിണറ്റിലെ വെള്ളം മുഴുവൻ ചെളി വെള്ളമായി മാറി. നെൽവയലുകളുടെ ഫിൽറ്ററിംഗ് ശേഷി നഷ്ടപ്പെട്ടതു മുതൽ ശുദ്ധജലം ലഭിക്കാതായി. രൂക്ഷമായ കുടിവെള്ള പ്രശ്നം ആ പ്രദേശമാകെ വ്യാപിച്ചു.

കൃഷിയേക്കാൾ കൂടുതൽ വരുമാനം കിട്ടു

ന്ന കളിമൺ ഖനനത്തിലേർപ്പെടാനാണ് കർഷകർക്ക് താത്പര്യം. പരിസ്ഥിതി ബോധമുള്ള ചെറു സംഘങ്ങളുടെ പ്രതിരോധത്തെ തുടർന്നാണ് നെന്മണിക്കരയിലെ ശേഷിക്കുന്ന നെൽവയലുകളെങ്കിലും സംരക്ഷിക്കപ്പെട്ടത്. പുതുക്കാട് ഗ്രാമപഞ്ചായത്തിലെ നാല് പാടശേഖരങ്ങളാണ് കളിമൺ ഖനനത്തെ തുടർന്ന് ട്രാക്ടർ മുങ്ങിപോകുന്നതിനാൽ കൃഷി സാധ്യമല്ല എന്നു വിധിയെഴുതിയിരുന്നത്. ഇവിടെയും ജനകീയ ഇടപ്പെടലുകളെ തുടർന്ന് കൃഷി പുനരാരംഭിക്കുകയായിരുന്നു. "ഈ ചേറിൽ നിന്നാണ് നമ്മുടെ ചോറ്" എന്നതായിരുന്നല്ലോ ഒരു കാലത്തെ നമ്മുടെ മുദ്രാവാക്യം. നെൻമണി വിളയുന്ന സ്ഥലമാണ് നെന്മണിക്കര. അവിടെയാണ് 95 ശതമാനം പാടങ്ങൾ ഇല്ലാതായിരിക്കുന്നത്. ഇപ്പോൾ ഗൂഗിളിൽ ആ സ്ഥലം (പാലിയം പാടം) 'ആമ്പല്ലൂർ ലേക്ക്' എന്നാണ് അടയാളപ്പെടുത്തിയിരിക്കുന്നത്.

2018ലെ ഭേദഗതിയിൽ രണ്ട് പ്രധാന പ്രശ്നങ്ങളാണ് ഞാൻ കാണുന്നത്. ഒന്ന്, ഈ നിയമത്തിന്റെ ജനകീയമായൊരു തലം തന്നെ നഷ്ടപ്പെട്ടിരിക്കുന്നു. രണ്ട്, വൈദഗ്ധ്യം ഉള്ളവരുടെ അഭാവം സംബന്ധിച്ചാണ്. നെൽവയലുകൾ ഇല്ലാതാവുന്നതു മൂലമുള്ള പാരിസ്ഥിതിക പ്രത്യേകതകൾ, നെൽവയലല്ലാതെ മറ്റെന്തെങ്കിലും ഭൂമി നിശ്ചിത ആവശ്യത്തിന് ലഭ്യമാണോ എന്നതു സംബന്ധിച്ച പഠനം, പാരിസ്ഥിതികാഘാത പഠനം എന്നിവ നടത്തിയിരുന്ന വിഷയ വിദഗ്ധരായ അംഗങ്ങളുള്ള സംസ്ഥാനതല സമിതി ഇപ്പോൾ വെറും റിപ്പോർട്ടിംഗ് ഏജൻസിയായി മാറി.

ഒരു ഹെക്ടർ വനത്തെക്കാൾ പാരിസ്ഥിതിക മൂല്യം കൂടുതലാണ് ഒരു ഹെക്ടർ വയലിനുള്ളതെന്ന് യു.എൻ ഏജൻസികൾ അംഗീകരിച്ചിരിക്കുന്ന നേരത്താണ് ഇങ്ങനെയൊരു ഭേദഗതി. പകരം ഭൂമി ലഭ്യമല്ലെങ്കിൽ പൊതു ആവശ്യത്തിന് നെൽവയൽ തന്നെ നികത്താം എന്ന് പറയുന്നത് നിരാശാ ജനകമാണ്. കാരണം നെൽവയലുകൾ നികത്തപ്പെടുമ്പോൾ ഒരു കുന്ന് കൂടിയാണ് നമുക്ക് നഷ്ടപ്പെടുന്നത്. പശ്ചിമഘട്ട മലനിരകളുടെ പാരിസ്ഥിതിക പ്രശ്നങ്ങൾ ചർച്ചചെയ്യുന്ന കാലത്ത് ഇതും പരിഗണിക്കപ്പെടേണ്ടതുണ്ട്. ഇരട്ടി ആഘാതം ഉണ്ടാക്കുന്നതരത്തിലാണ് നെൽവയലുകൾ തകർക്കപ്പെടുന്നത്.

സൂക്ഷ്മജീവികളെയും സസ്യജന്തുജാലത്തെയും കുറിച്ച് നടന്ന ഒരു പഠനത്തിനത്തിൽ ഉപ്പുവെള്ളത്തിൽ മാത്രം കാണുന്ന പലതരം ജീവികളും മുരിയാട് കോന്തിപുലം പ്രദേശത്ത് കാണുന്നുണ്ട് എന്ന് കണ്ടെത്തി. കടലിൽ നിന്നും ഏറെ അകലെയായിരുന്നിട്ടും ഇത് എങ്ങനെ സംഭവിച്ചു? മഴക്കാലത്ത് ശുദ്ധജലം സംഭരിക്കാൻ ശേഷിയുണ്ടായിരുന്ന പാടത്താണ് ഈ അവസ്ഥ. ഓരു വെള്ളത്തെ നന്നായി പ്രതിരോധിച്ചിരുന്ന കോന്തിപുലം പാടത്തിപ്പോൾ ഉപ്പുവെള്ളം മാത്രമെ കുടിക്കാൻ കിട്ടുന്നുള്ളൂ. ശുദ്ധജല സസ്യങ്ങൾക്കും ജലജീവികൾക്കും എന്തു സംഭവിച്ചു? മണ്ണെടുത്തും മണലെടുത്തും നിരവധി അവ ഇല്ലാതായി എന്നുവേണം കരുതാൻ. കാലാവസ്ഥയിൽ വരുന്ന മാറ്റങ്ങളും ഇതിനു കാരണമായിരിക്കാം.

കേരളത്തിൽ വികസനാവശ്യത്തിന് ഭൂമി ലഭ്യമല്ല എന്നൊരു വർത്തമാനം നിലവിൽ പ്രചരിക്കുന്നുണ്ട്. ഭൂമി കൈയ്യടക്കി വെച്ചിരിക്കുന്ന സ്വകാര്യ പ്ലാന്റേഷനുകളിൽ നിന്നും പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി പിടിച്ചെടുത്ത് അവിടെ വികസനാവശ്യങ്ങൾ നിറവേറ്റാമല്ലോ. ഓരോ ജില്ലയിലും ആയിരക്കണക്കിന് ഏക്കർ ഭൂമിയാണ് സ്വകാര്യ കുത്തകകൾ നാമമാത്രമായ നികുതി അടച്ചുകൊണ്ട് കൈവശം വെച്ചിരിക്കുന്നത്. അത്തരം ഭൂമിയെ സംബന്ധിച്ച കണക്കെടുപ്പ് നടത്തി വികസനാവശ്യങ്ങൾക്ക് ഭൂമിയില്ല എന്ന പ്രശ്നം മറികടക്കണം.

പാടങ്ങൾ നികന്നുപോകാതിരിക്കണമെങ്കിൽ കൃഷിക്കാരന് ജീവിക്കാനുള്ള സാഹചര്യമൊരുക്കണം. കൃഷി ഉപജീവനമായി കാണുന്നവരെ സാമ്പത്തികമായി സഹായിക്കണം. ഭൂമിയുടെ ഉടമസ്ഥനല്ല പലപ്പോഴും കർഷകൻ. കൃഷിചെയ്യുന്നവർക്ക് ഭൂ ഉടമസ്ഥതയുമില്ല. ഭൂ ഉടമസ്ഥൻ ഭൂമിയിൽ നിന്ന് അകലെയാണ് എന്നതാണ് കേരളത്തിലെ സ്ഥിതി. കർഷകൻ ഭൂമിയിൽ നിന്നും അകന്നുപോയതിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹരിക്കണം. കൃഷിഭൂമി ഉപേക്ഷിച്ചു പോകേണ്ടിവരുന്ന കർഷകരെ സഹായിക്കണം. സാമൂഹിക സാമ്പത്തിക ചലനാത്മകത സംബന്ധിച്ച പഠനം നമ്മോടു പറയുന്നത് ഭൂമി കൈയ്യൊഴിയുന്നവർ മിക്കവരും താഴ്ന്ന മധ്യവർഗ്ഗത്തിൽപ്പെട്ട വിഭാഗക്കാരാണെന്നാണ്. ചികിത്സ, വിദ്യാഭ്യാസം, വിവാഹം എന്നീ ദൈനംദിനാവശ്യങ്ങൾക്കായാണ് ഉള്ള ഭൂമി പോലും വിൽക്കുന്നത്. പാടശേഖരങ്ങളിലെ കർഷകരുടെ എണ്ണം കുറഞ്ഞു കൊണ്ടിരിക്കുകയാണ്. നെൽവയലുകളിൽ മറ്റൊരു പ്രവർത്തനങ്ങളും നടക്കാൻ നിയമം അനുവദിക്കില്ല എന്ന ബോധ്യപ്പെടുമ്പോൾ യഥാർത്ഥ കർഷകരിലേക്ക് തന്നെ കൃഷിഭൂമി തിരിച്ചുവരുമായിരുന്നു. ഭേദഗതി അതിന് ഒരു തടസ്സമായി മാറി. നഷ്ടപ്പെട്ട കൃഷിഭൂമി തിരിച്ചു പിടിക്കാനും കൃഷിയോട് ആഭിമുഖ്യമുള്ളവർക്ക് അത് വിതരണം ചെയ്യാനും സർക്കാർ തയ്യാറാകണം. അതിനുള്ള സമരങ്ങളാണ് നടക്കേണ്ടത്. ■